ശബരിമല തീർത്ഥാടനം: ശുചിത്വത്തിനും സുരക്ഷയ്ക്കും സേവനമികവിനും പ്രത്യേക ഊന്നൽ നൽകണം: റവന്യൂ മന്ത്രി

ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർക്ക് സുരക്ഷിതവും സുഗമവുമായ യാത്രയ്ക്കൊപ്പം മികച്ച സേവനാനുഭവവും ഉറപ്പാക്കാൻ എല്ലാ വകുപ്പുകളും ഏകോപനത്തോടെയും ഉത്തരവാദിത്വബോധത്തോടെയും പ്രവർത്തിക്കണമെന്ന് റവന്യൂ മന്ത്രി എ പി അനിൽകുമാർ നിർദേശിച്ചു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നടന്ന റവന്യൂ വകുപ്പിന്റെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോരായ്മകൾ സംഭവിച്ചശേഷം പരിഹരിക്കുന്നതിനുപകരം അവ മുൻകൂട്ടി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് അവലോകന യോഗങ്ങളുടെ ലക്ഷ്യം. രാജ്യത്തിന്റെ ശ്രദ്ധയാകർഷിക്കുന്ന പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ ഒരു തരത്തിലുള്ള വീഴ്ചയും ഉണ്ടാകരുത്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇടത്താവളത്തിൽ നടന്ന യോഗത്തിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇതിനകം നടന്ന വിവിധ അവലോകന യോഗങ്ങളിലും ഒരുക്കങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ ഇതുവരെ സ്വീകരിച്ച നടപടികൾ യോഗത്തിൽ വിശദീകരിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഫണ്ട് അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നവീകരണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ചില സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ജില്ലാ കളക്ടറും എഡിഎമ്മും നിരവധി യോഗങ്ങൾ വിളിച്ചുചേർത്ത് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ

മികച്ച നേതൃത്വം നൽകുന്നുണ്ടെന്ന് ചൂണ്ടികാട്ടിയ മന്ത്രി അവരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

ശുചിത്വത്തിന് പ്രത്യേക പരിഗണനശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട വിഷയങ്ങളിലൊന്ന് പമ്പയിലെയും പരിസരപ്രദേശങ്ങളിലെയും ശുചിത്വമാണെന്ന് മന്ത്രി പറഞ്ഞു. പമ്പയിൽ ആചാരത്തിന്റെ ഭാഗമെന്ന നിലയിൽ വസ്ത്രങ്ങൾ പുഴയിൽ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കാൻ വ്യാപകമായ ബോധവത്കരണ പ്രചാരണം നടത്തണം. ഇത് കേരളത്തിന്റെ ആചാരത്തിന്റെ ഭാഗമല്ലെന്ന സന്ദേശം തീർത്ഥാടകരിലേക്ക് എത്തിക്കണം. വർഷങ്ങളായി തുടരുന്ന ശീലങ്ങൾ പെട്ടെന്ന് മാറ്റാൻ കഴിയില്ലെന്നതിനാൽ ഉപേക്ഷിക്കപ്പെടുന്ന വസ്ത്രങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഒരുക്കണം. ഈ വർഷം ശുചിത്വ പ്രവർത്തനങ്ങളിൽ മാതൃകാപരമായ നേട്ടം കൈവരിക്കാനാകണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും മന്ത്രി നിർദേശിച്ചു.

നിലയ്ക്കലിലും വൈദ്യുത വാഹന ചാർജിങ് സൗകര്യം

വൈദ്യുത വാഹനങ്ങളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ചാർജിങ് സൗകര്യങ്ങൾ പര്യാപ്തമല്ലെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പമ്പയിലെ ഒരു ചാർജിങ് കേന്ദ്രം മാത്രം മതിയാകില്ല. നിലയ്ക്കലിലും ചാർജിങ് കേന്ദ്രം സ്ഥാപിക്കണം. ഒരേസമയം നിരവധി വാഹനങ്ങൾ എത്തുമ്പോൾ ഗതാഗതക്കുരുക്ക് ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കാൻ കുറഞ്ഞത് രണ്ട്

ചാർജിങ് കേന്ദ്രങ്ങളെങ്കിലും ഈ തീർത്ഥാടനകാലത്ത് സജ്ജമാക്കണം. ഭാവിയിലെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

തീർത്ഥാടകർക്ക് ബഹുഭാഷാ അറിയിപ്പുകൾ

കേരളത്തിന് പുറത്തുനിന്ന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ വിവരങ്ങൾ അവരുടെ ഭാഷകളിൽ ലഭ്യമാക്കണം. സന്നിധാനത്തും പമ്പയിലും തീർത്ഥാടകർ കൂടുതലായി ഒത്തുകൂടുന്ന സ്ഥലങ്ങളിലും വിവിധ ഭാഷകളിലുള്ള അറിയിപ്പുകൾ നൽകാനുള്ള സംവിധാനം വിപുലീകരിക്കണം. മലയാളത്തിന് പുറമെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർക്ക് മനസ്സിലാകുന്ന ഭാഷകളിലും അനൗൺസ്മെന്റുകൾ ഉറപ്പാക്കാൻ ദേവസ്വം ബോർഡ് നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

തീർത്ഥാടകർക്ക് സുരക്ഷിതത്വവും സംതൃപ്തിയും ഉറപ്പാക്കണം

അപകടങ്ങളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടായാൽ ഒറ്റപ്പെട്ടുപോകുന്ന തീർത്ഥാടകർക്ക് സഹായം വേഗത്തിൽ ലഭ്യമാക്കണം. പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ ഏകോപനത്തിലൂടെ അടിയന്തര സഹായ സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകരുത്.

ദർശനത്തിലൂടെ ലഭിക്കുന്ന ആത്മീയ സംതൃപ്തിക്കൊപ്പം വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങളിലൂടെയും സന്തോഷത്തോടെയും സുരക്ഷിതത്വബോധത്തോടെയും മടങ്ങാൻ ഓരോ തീർത്ഥാടകനും കഴിയണം. തീർത്ഥാടന കേന്ദ്രത്തിലെ സേവനമികവിന്റെ പ്രധാന അളവുകോൽ അതായിരിക്കണം. ഇതിനായി എല്ലാ വകുപ്പുകളും മത്സരബുദ്ധിയോടെ മികച്ച സേവനം ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ ഭരണകൂടത്തിന്റെ പ്രത്യേക താൽപര്യത്തിൽ തയ്യാറാക്കിയ ശബരി പോർട്ടലിന്റെ പ്രവർത്തനോദ്ഘാടനവും മന്ത്രി നിർവഹിച്ചു. ശബരിമലയുമായി ബന്ധപ്പെട്ട ദൈനംദിന വിവരങ്ങളും വിവിധ സേവനങ്ങളും തീർത്ഥാടകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനാണ് പോർട്ടൽ സജ്ജമാക്കിയിട്ടുള്ളത്. ആവശ്യമായ വിവരങ്ങൾ യഥാസമയം പുതുക്കി പോർട്ടൽ കൂടുതൽ ജനോപകാരപ്രദമാക്കണമെന്നും മന്ത്രി നിർദേശിച്ചു.

അടുത്ത തീർത്ഥാടനകാലത്തേക്കുള്ള മുന്നൊരുക്കങ്ങൾ നിലവിലെ തീർത്ഥാടനകാലം അവസാനിച്ച ഉടൻ ആരംഭിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദേശം നടപ്പാക്കണം. ഓരോ വർഷവും അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ മികച്ച ഫലം കൈവരിക്കാനാകൂ. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ കളക്ടർമാരും ആലപ്പുഴ ജില്ലാ ഭരണകൂടവും തീർത്ഥാടന മുന്നൊരുക്കങ്ങൾ മികച്ച രീതിയിൽ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

തീർത്ഥാടനത്തിന് മുന്നോടിയായി വിവിധ വകുപ്പുകൾ നടത്തിയ തയ്യാറെടുപ്പുകളെ മന്ത്രി അഭിനന്ദിച്ചു.

പഴകുളം മധു എംഎൽഎ, ജില്ലാ കളക്ടർമാരായ എ നിസാമുദീൻ (പത്തനംതിട്ട), ഡോ. ദിനേശൻ ചെറുവത്ത് (ഇടുക്കി), ചേതൻ കുമാർ മീണ (കോട്ടയം), ശബരിമല എ ഡി എം ദിലീപ് കെ കൈനിക്കര, പത്തനംതിട്ട എ ഡി എം ആർ രാജലക്ഷ്മി, ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, മറ്റ് ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

Sabarimala Pilgrimage: Special Emphasis Must Be Placed on Sanitation, Safety, and Service Excellence – Revenue Minister

Revenue Minister A.P. Anil Kumar has directed all departments to work with coordination and a sense of responsibility to ensure a safe, smooth journey and an excellent service experience for devotees arriving for the Sabarimala pilgrimage. He was speaking at a review meeting convened by the Revenue Department regarding the Sabarimala pilgrimage.

The objective of these review meetings is to take proactive measures to prevent shortcomings, rather than addressing them only after they occur. There should be no lapses whatsoever at Sabarimala, a major pilgrimage center that draws national attention. Preparations have already been assessed during a meeting held at an intermediate transit point (idathavalam)—chaired by the Chief Minister—as well as in various other review meetings led by the District Collector.

The measures taken so far by the various departments were explained during the meeting. It was noted that there is a shortage of funds for the activities of the Local Self-Government Department. Efforts are also underway to resolve certain technical hurdles raised by the Forest Department regarding road renovation works. The Minister specifically commended the District Collector and the ADM for their excellent leadership in coordinating the activities of the various departments through numerous meetings.

Special Focus on Sanitation

The Minister emphasized that sanitation in Pamba and its surrounding areas is one of the most critical aspects requiring attention in connection with the Sabarimala pilgrimage. A widespread awareness campaign should be conducted to discourage the practice of discarding clothing in the Pamba River—an act sometimes performed as part of a ritual. It must be conveyed to the pilgrims that this is not a recognized part of Kerala's traditional customs. Since long-standing habits cannot be changed overnight, a dedicated system must be established to ensure the timely removal of discarded clothing. The Minister directed that exemplary progress in sanitation efforts be achieved this year, emphasizing that local self-government institutions should pay special attention to this matter.

Electric Vehicle Charging Facilities at Nilakkal

The Minister pointed out that existing charging facilities are inadequate, given the rising number of electric vehicles. A single charging station at Pamba will not suffice; a charging station must also be established at Nilakkal. To prevent traffic congestion when multiple vehicles arrive simultaneously, at least two charging stations should be made operational during this pilgrimage season. The Minister further stated that

infrastructure should be developed with future requirements in mind.

Multilingual Announcements for Pilgrims

Essential information must be made available to pilgrims arriving from outside Kerala in their own languages. Systems for providing announcements in various languages should be expanded at Sannidhanam, Pamba, and other locations where pilgrims congregate in large numbers. The Minister directed the Devaswom Board to take steps to ensure that announcements are made not only in Malayalam but also in languages understood by pilgrims arriving from other states.

Ensuring Safety and Satisfaction for Pilgrims

In the event of accidents or other emergencies, assistance must be provided promptly to any pilgrims who may become stranded. Emergency response systems should be made efficient through the coordination of various departments, including the police. Pilgrims must not face any difficulties in accessing basic amenities, including drinking water.

Beyond the spiritual fulfillment gained through *darshan* (viewing the deity), every pilgrim should be able to return home feeling happy and secure, thanks to the services provided by various departments. This should serve as the primary benchmark for the quality of service at the pilgrimage site. The Minister urged all departments to strive for excellence in service delivery.

The Minister also inaugurated the 'Sabari' portal, an initiative developed under the special guidance of the district administration. This portal is designed to provide pilgrims with easy access to daily updates and various services related to Sabarimala. The Minister further advised that the portal be

kept highly useful to the public by ensuring that all necessary information is updated in a timely manner.

Additionally, the Chief Minister's directive—that preparations for the next pilgrimage season should commence immediately upon the conclusion of the current one—must be implemented. Optimal results can be achieved only by learning from the experiences of each passing year and continuously improving the available facilities. The Minister noted that the District Collectors of Pathanamthitta, Kottayam, and Idukki, along with the Alappuzha district administration, are making excellent preparations for the pilgrimage.

The Minister commended the various departments for the preparations they have undertaken ahead of the pilgrimage.

The meeting was attended by MLA Pazhakulam Madhu; District Collectors A. Nizamuddin (Pathanamthitta), Dr. Dinesan Cheruvath (Idukki), and Chetan Kumar Meena (Kottayam); Sabarimala ADM Dileep K. Kainikkara; Pathanamthitta ADM R. Rajalakshmi; as well as heads of various local self-government institutions, other elected representatives, and officials from different government departments.

सबरीमाला तीर्थयात्रा: साफ़-सफ़ाई, सुरक्षा और बेहतरीन सर्विस पर खास ज़ोर दिया जाना चाहिए – रेवेन्यू मिनिस्टर

रेवेन्यू मिनिस्टर ए.पी. अनिल कुमार ने सभी सरकारी डिपार्टमेंट को कोऑर्डिनेशन और ज़िम्मेदारी की गहरी भावना के साथ काम करने का निर्देश दिया है ताकि सबरीमाला आने वाले भक्तों के लिए सुरक्षित, आसान यात्रा और

बेहतरीन सर्विस का अनुभव पक्का हो सके। वे सबरीमाला तीर्थयात्रा के बारे में रेवेन्यू डिपार्टमेंट द्वारा बुलाई गई एक रिव्यू मीटिंग में बोल रहे थे।

इन रिव्यू मीटिंग का मकसद कमियों को रोकने के लिए पहले से कदम उठाना है, न कि उनके होने के बाद ही उन्हें ठीक करना। सबरीमाला, एक बड़ा तीर्थस्थल जो पूरे देश का ध्यान खींचता है, में किसी भी तरह की कोई कमी नहीं होनी चाहिए। मुख्यमंत्री की अध्यक्षता में एक इंटरमीडिएट ट्रांज़िट पॉइंट (इडाथावलम) पर हुई मीटिंग के साथ-साथ डिस्ट्रिक्ट कलेक्टर की अगुवाई में हुई कई दूसरी रिव्यू मीटिंग में तैयारियों का पहले ही जायज़ा लिया जा चुका है।

मीटिंग के दौरान, अलग-अलग डिपार्टमेंट द्वारा अब तक उठाए गए कदमों के बारे में बताया गया। यह देखा गया कि लोकल सेल्फ-गवर्नमेंट डिपार्टमेंट के कामों के लिए फंड की कमी है। सड़क की मरम्मत के काम को लेकर फॉरेस्ट डिपार्टमेंट की तरफ से उठाई गई कुछ टेक्निकल दिक्कतों को दूर करने की भी कोशिशें चल रही हैं। मिनिस्टर ने कई मीटिंग्स के ज़रिए अलग-अलग डिपार्टमेंट्स की एक्टिविटीज़ को कोऑर्डिनेट करने में उनकी बेहतरीन लीडरशिप के लिए डिस्ट्रिक्ट कलेक्टर और ADM की खास तौर पर तारीफ़ की।

सैनिटेशन पर खास ध्यान

मिनिस्टर ने ज़ोर दिया कि पंबा और उसके आस-पास के इलाकों में सैनिटेशन सबरीमाला तीर्थयात्रा के दौरान ध्यान देने वाली सबसे ज़रूरी बातों में से एक है। पंबा नदी में कपड़े फेंकने की आदत को रोकने के लिए बड़े पैमाने पर अवेयरनेस कैंपेन चलाया जाना चाहिए – यह काम कभी-कभी एक रिचुअल के तौर पर किया जाता है। तीर्थयात्रियों को यह बताना होगा कि यह केरल के पारंपरिक रीति-रिवाजों का कोई माना हुआ हिस्सा नहीं है। क्योंकि पुरानी आदतें रातों-रात नहीं बदल सकतीं, इसलिए फेंके गए कपड़ों को समय पर हटाने के लिए एक

खास सिस्टम बनाना होगा। मिनिस्टर ने निर्देश दिया कि इस साल सैनिटेशन की कोशिशों में शानदार प्रोग्रेस हासिल की जाए, और इस बात पर ज़ोर दिया कि लोकल सेल्फ-गवर्नमेंट इंस्टीट्यूशन्स को इस मामले पर खास ध्यान देना चाहिए।

निलक्कल में इलेक्ट्रिक गाड़ी चार्जिंग फैसिलिटीज़

मिनिस्टर ने बताया कि इलेक्ट्रिक गाड़ियों की बढ़ती संख्या को देखते हुए मौजूदा चार्जिंग फैसिलिटीज़ काफ़ी नहीं हैं। पंबा में एक चार्जिंग स्टेशन काफी नहीं होगा; निलक्कल में भी एक चार्जिंग स्टेशन बनाना होगा। एक साथ कई गाड़ियों के आने पर ट्रैफिक जाम से बचने के लिए, इस तीर्थयात्रा सीजन में कम से कम दो चार्जिंग स्टेशन चालू किए जाने चाहिए। मंत्री ने आगे कहा कि भविष्य की जरूरतों को ध्यान में रखते हुए इंफ्रास्ट्रक्चर बनाया जाना चाहिए।

तीर्थयात्रियों के लिए कई भाषाओं में अनाउंसमेंट

केरल के बाहर से आने वाले तीर्थयात्रियों को उनकी अपनी भाषाओं में ज़रूरी जानकारी मिलनी चाहिए। सन्निधानम, पंबा और दूसरी जगहों पर, जहां तीर्थयात्री बड़ी संख्या में इकट्ठा होते हैं, अलग-अलग भाषाओं में अनाउंसमेंट करने के सिस्टम को बढ़ाया जाना चाहिए। मंत्री ने देवस्वोम बोर्ड को यह पक्का करने के लिए कदम उठाने का निर्देश दिया कि अनाउंसमेंट न केवल मलयालम में बल्कि दूसरे राज्यों से आने वाले तीर्थयात्रियों की समझ में आने वाली भाषाओं में भी किए जाएं।

तीर्थयात्रियों की सुरक्षा और संतुष्टि पक्का करना

दुर्घटना या दूसरी इमरजेंसी की स्थिति में, फंसे हुए तीर्थयात्रियों को तुरंत मदद दी जानी चाहिए। पुलिस समेत अलग-अलग डिपार्टमेंट के तालमेल से इमरजेंसी रिस्पॉन्स सिस्टम को असरदार बनाया जाना चाहिए। तीर्थयात्रियों को पीने के पानी जैसी बेसिक सुविधाओं तक पहुँचने में कोई दिक्कत नहीं होनी चाहिए।

दर्शन (भगवान के दर्शन) से मिलने वाली आध्यात्मिक संतुष्टि के अलावा, हर तीर्थयात्री को अलग-अलग डिपार्टमेंट की दी जाने वाली सर्विस की वजह से खुश और सुरक्षित महसूस करते हुए घर लौटना चाहिए। यह तीर्थस्थल पर सर्विस की क्वालिटी के लिए मुख्य बेंचमार्क होना चाहिए। मंत्री ने सभी डिपार्टमेंट से सर्विस डिलीवरी में बेहतरीन काम करने की अपील की।

मंत्री ने 'सबरी' पोर्टल का भी उद्घाटन किया, जो ज़िला प्रशासन के खास गाइडेंस में बनाया गया एक इनिशिएटिव है। यह पोर्टल तीर्थयात्रियों को सबरीमाला से जुड़े रोज़ाना के अपडेट और अलग-अलग सर्विस तक आसानी से पहुँच देने के लिए बनाया गया है। मंत्री ने आगे सलाह दी कि पोर्टल को जनता के लिए बहुत उपयोगी बनाए रखा जाए, ताकि यह पक्का किया जा सके कि सभी ज़रूरी जानकारी समय पर अपडेट हो।

इसके अलावा, मुख्यमंत्री का निर्देश – कि अगले तीर्थयात्रा सीज़न की तैयारी मौजूदा सीज़न के खत्म होने के तुरंत बाद शुरू हो जानी चाहिए – को लागू किया जाना चाहिए। हर गुज़रते साल के अनुभवों से सीखकर और मौजूद सुविधाओं को लगातार बेहतर बनाकर ही सबसे अच्छे नतीजे मिल सकते हैं। मंत्री ने कहा कि पथनमथिट्टा, कोट्टायम और इडुक्की के जिला कलेक्टर, अलप्पुझा जिला प्रशासन के साथ मिलकर इस चुनाव के लिए बेहतरीन तैयारी कर रहे हैं।